**പതിമൂന്നാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3645.** **17.12.2015 ന് മറുപടിയ്ക്ക്**

**സ്കൂൾ പാഠ്യപദ്ധതിയിൽ ലഹരിവിരുദ്ധപാഠങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എം.പി.വിൻസെന്റ്**<br>**,, ഡൊമിനിക് പ്രസന്റേഷൻ**<br>**,, ഐ.സി.ബാലകൃഷ്ണൻ**<br>**,, തേറമ്പിൽ രാമകൃഷ്ണൻ :** | **ശ്രീ. കെ. ബാബു**<br>**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി)** |
| (എ) സ്കൂൾ പാഠ്യപദ്ധതിയിൽ ലഹരിവിരുദ്ധ പാഠങ്ങൾ ഉൾപ്പെടുത്തുന്നതിന് വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് എന്തെല്ലാം പദ്ധതി കൾ ആവിഷ്കരിച്ചിട്ടുണ്ട്; | (എ) ലഹരിവിരുദ്ധ ആശയങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി എസ്.സി.ഇ.ആർ.ടി-യുടെ ശുപാർശ പ്രകാരം സ്കൂൾ കരിക്കുലം കമ്മിറ്റി തീരുമാനം അനുസരിച്ച് 2014-15 അദ്ധ്യയന വർഷത്തിൽ 1,3,5,7,11 ക്ലാസ്സുകളിൽ ലഹരിവിരുദ്ധ ആശയങ്ങൾ അടങ്ങിയ പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. 2015-16 അദ്ധ്യയന വർഷത്തിൽ 2,4,6,8,12 ക്ലാസ്സുകളിലും, 2016-17 അദ്ധ്യയന വർഷം 9,10 ക്ലാസ്സുകളിലും ലഹരിവിരുദ്ധ ആശയങ്ങൾ സ്കൂൾ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരി ച്ചിട്ടുണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങ ളാണ് ഇത് വഴി കൈവരി ക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) കുട്ടികളിൽ ലഹരി വസ്തുക്കളുടെ ഉപയോഗം മൂലമുണ്ടാകുന്ന ദൂഷ്യവശങ്ങളും, ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചും വിദ്യാർത്ഥി കളിൽ അവബോധം സൃഷ്ടിക്കുക, അതിലൂടെ ലഹരി വിമുക്തവും ആരോഗ്യപൂർണ്ണവുമായ ഒരു പുതുതലമുറയെ വാർത്തെടുക്കുക എന്നിവയാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യം വയ്ക്കുന്നത്. |
| (സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) സ്കൂൾതലങ്ങളിൽ പാഠ്യവിഷയത്തിൽ ലഹരിവിരുദ്ധ ബോധവത്ക്കരണ ആശയങ്ങൾ അടങ്ങിയ പാഠഭാഗം ഉൾക്കൊള്ളുന്നതിന്റെ ഭാഗമായി എസ്.സി.ഇ.ആർ.ടി-യുടെ ശുപാർശ പ്രകാരം സ്കൂൾ കരിക്കുലം കമ്മിറ്റി തീരുമാനം അനുസരിച്ച് 7,8 ക്ലാസ്സുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. വരുന്ന അദ്ധ്യയന വർഷത്തിൽ 9,10 ക്ലാസ്സുകളിലും ലഹരിവിരുദ്ധ ആശയങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും, ഹയർ സെക്കണ്ടറി ഇംഗ്ലീഷ് പാഠപുസ്തകത്തിലും, ഫസ്റ്റ് ഇയർ ഹോം സയൻസിലും ലഹരിവിരുദ്ധ ആശയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ലഹരിവിരുദ്ധ സന്ദേശം സ്കൂൾ വിദ്യാർത്ഥികളിൽ എത്തിക്കുന്നതിന് അദ്ധ്യാപകർക്ക് വേണ്ടി "അതിജീവനം" എന്ന കൈപ്പുസ്തകം എസ്.സി.ഇ.ആർ.ടി യിലൂടെ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**